പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ 3851

31.01.2014-ലെ മറുപടിയ്ക്ക്

## വനിതാ-പട്ടികജാതി-പട്ടികവർഗ്ഗ-ഗോത്രവർഗ്ഗ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിന് പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.അൻവർ സാദത്ത്<br>,, ബെന്നി ബെഹനാൻ<br>,, കെ.ശിവദാസൻ നായർ<br>,, എ.റ്റി.ജോർജ് | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ<br>വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ വനിതാ-പട്ടികജാതി-പട്ടികവർഗ്ഗ-ഗോത്രവർഗ്ഗ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) സംസ്ഥാനത്തെ വനിതാ സഹകരണ സംഘങ്ങളെ പൊതുവായി പുനരുജ്ജീവിപ്പിക്കുന്നതിന് പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനായി 14.11.2012 ലെ സ.ഉ.(സാധാ) 642/2012/സഹ നമ്പർ ഉത്തരവ് പ്രകാരം ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചിട്ടില്ല.<br>ദുർബല വനിതാ സംഘങ്ങളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് സർക്കാർ ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിനുള്ള പദ്ധതി പുതുതായി ആരംഭിച്ചിട്ടുണ്ട്. 3 വർഷം തുടർച്ചയായി നഷ്ടത്തിൽ പ്രവർത്തിക്കുന്ന വനിതാ സംഘങ്ങളെയാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രോജക്ട് കോസ്റ്റിന്റെ 40% സബ്സിഡി, 20% ഓഹരി, 20% ലോൺ എന്നീ ഇനങ്ങളിലും ബാക്കി 20% സംഘം |

കണ്ടെത്തേണ്ടതുമാണ് എന്ന വ്യവസ്ഥയിൽ പരമാവധി 10 ലക്ഷം രൂപ വരെയാണ് മേൽ പ്രകാരം ധനസഹായം അനുവദിക്കുന്നത്.

പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിലേക്കായി ഒരു പഠനം നടത്തുന്നതിന് തിരുവനന്തപുരം ഐ.സി.എം.-നെ ചുമതലപ്പെടുത്തിയിരുന്നു. ഐ.സി.എം പ്രാഥമിക റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

| | |
|---|---|
| (ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) വനിതാ സംഘങ്ങളെക്കുറിച്ചുള്ള പഠനത്തിൽ ഉൾപ്പെടുത്തേണ്ട വിഷയ നിർദ്ദേശങ്ങൾ അനുബന്ധമായി കൊടുത്തിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെക്കുറിച്ചുള്ള പഠനത്തിൽ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശിച്ച വിഷയങ്ങൾ താഴെപ്പറയും പ്രകാരമാണ്:- <br>1. പട്ടികജാതി സഹകരണ സംഘങ്ങളുടെ പ്രവർത്തന മേഖല സംബന്ധിച്ച റിപ്പോർട്ട്. <br>2. നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതും പ്രവർത്തനം നിലച്ചതുമായ പട്ടികജാതി സഹകരണ സംഘങ്ങളുടെ വിശദവിവരങ്ങൾ. <br>3. ജീവനക്കാർക്ക് വേതനം കൊടുക്കുന്നതുമായി ബന്ധപ്പെട്ട് പട്ടികജാതി സഹകരണ സംഘങ്ങൾക്ക് നിലവിലുള്ള സാമ്പത്തിക |

ബാദ്ധ്യതയുടെ വിശദാംശങ്ങൾ.

4. പട്ടികജാതി സഹകരണ സംഘങ്ങളുടെ ആസ്തി സംബന്ധിച്ച വിവരങ്ങൾ.
5. സംഘങ്ങൾക്ക് സർക്കാരിൽ നിന്നും ഇതര ധനസഹായ ഏജൻസികളിൽ നിന്നും ലഭിച്ച ധനസഹായങ്ങൾ, അവയുടെ വിനിയോഗം.
6. സഹകരണ നവരത്നം ഫണ്ടിൽ നിന്നും ധനസഹായം ലഭിച്ച സംഘങ്ങൾ.
7. പീഢിത സഹകരണ സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതിയിൽ തുക ലഭിച്ച സംഘങ്ങൾ.
8. നല്ല രീതിയിൽ പ്രവർത്തിക്കുന്നതും സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ലാത്തതുമായ സംഘങ്ങളുടെ വിവരം.
9. പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങൾക്ക് പ്രത്യേക ക്ലാസ്സിഫിക്കേഷൻ മാനദണ്ഡം തയ്യാറാക്കുക.

| | |
|---|---|
| (സി) ഏതെല്ലാം ഏജൻസികളാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ; | (സി) ഐ.സി.എം. - തിരുവനന്തപുരം. (എസ്.സി/എസ്.റ്റി സഹകരണ സംഘങ്ങളുടെ പഠനം) ഐ.സി.എം. - കണ്ണൂർ (വനിതാ സഹകരണ സംഘങ്ങളുടെ പഠനം) |
| (ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ? | (ഡി) വനിതാ സഹകരണ സംഘങ്ങളുടെ പഠന കമ്മിറ്റി ചോദ്യാവലി തയ്യാറാക്കി പഠനം |

നടത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. പഠന കമ്മിറ്റി കൈക്കൊണ്ട തീരുമാനങ്ങൾ ഐ.സി.എം. ഡയറക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. ആയതിന്റെ റിപ്പോർട്ട് ലഭിച്ചിട്ടില്ല. എസ്.സി/എസ്.റ്റി സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനും വികസനത്തിനുമായി 2013-14 സാമ്പത്തിക വർഷത്തിൽ 400 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. തൻവർഷം 23 എസ്.സി/എസ്.റ്റി സഹകരണ സംഘങ്ങൾക്ക് ഇതു വരെ 63,73,000/- (അറുപത്തി മൂന്ന് ലക്ഷത്തി എഴുപത്തിമൂന്നായിരം രൂപ) രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. ശേഷിക്കുന്ന തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ

## വിഷയ നിർദ്ദേശങ്ങൾ

1. വനിതാ സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ ശമ്പളം സംബന്ധിച്ച തീരുമാനം വരുമാനവുമായി ബന്ധപ്പെട്ട് രൂപീകരിച്ചെടുക്കുക.
2. ആസ്തി സംബന്ധിച്ച വിവരങ്ങൾ
   വനിതാ സംഘങ്ങളുടെ ആസ്തി ശേഖരണവും, ഈ ആസ്തികളുപയോഗിച്ച് വരുമാനം നേടുന്നതിനുള്ള കഴിവ്, ആസ്തികളുമായി മോശമായ സംരക്ഷണം സംബന്ധിച്ച വിവരങ്ങൾ.
3. ലഭിച്ച വിവിധ ധനസഹായങ്ങളുടെ വിശദവിവരം, ധനസഹായം ഉപയോഗിച്ച് സംഘം വയബിലിറ്റി നേടിയോ? Linking of schemes with the viability position of the society, Fund deviations?
4. സംഘങ്ങളുടെ പ്രവർത്തനഫലം സംബന്ധിച്ച വിവരങ്ങൾ, മോശം രീതിയിൽ പ്രവർത്തിക്കുന്നതിനുള്ള കാരണങ്ങൾ, പ്രവർത്തന വിജയത്തിനുള്ള കാരണങ്ങളും സംബന്ധിച്ച റിപ്പോർട്ട്.
5. വിദ്യാഭ്യാസ-പരിശീലനം സംബന്ധിച്ച വിവരങ്ങൾ. ഭരണ സമിതി അംഗങ്ങൾ, ജീവനക്കാർ, അംഗങ്ങൾ എന്നിവ തരം തിരിച്ച് പരാജയ വിജയ കാരണങ്ങൾ ബന്ധപ്പെടുത്തി വിശദീകരിക്കുക.
6. നിലവിലുള്ള സർക്കാർ സഹായങ്ങളുടെ പോരായ്മകളും, ഗുണവശവും വിശദീകരിക്കുക.
7. നിയമാവലിയിലെ ഉദ്ദേശങ്ങളും, അവ നേരിടുന്നതിനുള്ള ശ്രമങ്ങൾ അംഗങ്ങൾക്കിടയിൽ സ്വയം തൊഴിൽ പ്രോത്സാഹിപ്പിക്കുന്നതിനും, തൊഴിൽദാന പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടത്തുന്നതിനെ കുറിച്ചുള്ള റിപ്പോർട്ട്.

8. സംഘം പ്രവർത്തനത്തിൽ കാര്യനിർവ്വഹണ വീഴ്ച മുഖേന ബാദ്ധ്യതകൾ വന്നിട്ടുണ്ടോ? ഇത്തരം വീഴ്ചകൾ ഒഴിവാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ.

9. ഭാവിയിൽ സംഘം ഉദ്ദേശങ്ങൾ നേടുന്നതിനുവേണ്ടി ഏറ്റെടുത്ത് നടത്തേണ്ട പ്രവർത്തനങ്ങളെക്കുറിച്ചുള്ള റിപ്പോർട്ട്.

10. വനിതാ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ നവീകരിക്കുന്നതിനുവേണ്ടി വിവര സാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട് ഏറ്റെടുക്കേണ്ട പുതിയ സംരംഭങ്ങളെക്കുറിച്ചുള്ള റിപ്പോർട്ട്.

11. വനിതാ സഹകരണ സംഘങ്ങളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനുവേണ്ടി സ്വയം സഹായ സംഘങ്ങളുമായി എപ്രകാരം ബന്ധപ്പെടുത്താം.

വനിതാ സഹകരണ സംഘങ്ങളുടെ പ്രവർത്തന വൈകല്യങ്ങളും, വിജയ കാരണങ്ങളും കണക്കിലെടുത്ത് ഏതെല്ലാം നിയമപരവും, കാര്യ നിർവ്വഹണം, സാമ്പത്തിക വിഭവം, വിദ്യാഭ്യാസ പരിശീലനം, സഹകരണ ഘടന എന്നീ മാറ്റങ്ങളിലൂടെ വനിതാ സഹകരണ സംഘങ്ങളെ മുഖ്യധാരാ സംഘങ്ങളുടെ തലത്തിലേയ്ക്ക് ഉയർത്താം എന്ന നിർദ്ദേശങ്ങളുള്ള റിപ്പോർട്ട്.

സെക്ഷൻ ഓഫീസർ